ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-**15/12/2021**

**സർക്കുലർ നം.47/2021**

വിഷയം:- ക്ഷീര വികസന വകുപ്പ് - സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണചെലവ് - നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്

സൂചന :- ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 20/06/2015 തീയതിയിലെ സി2/7540/2015 നമ്പർ സർക്കുലർ

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ അവരുടെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ഒരംഗത്തിന് പരമാവധി 60/- രൂപ എന്ന നിരക്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ ഒരംഗത്തിന് പരമാവധി 30/- രൂപ എന്ന നിരക്കിലും ഈയിനത്തിൽ ചെലവ് ചെയ്യുന്നതിന് സൂചന സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഭക്ഷണ ചെലവുകൾ കാലാനുസൃതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ ഇനത്തിലെ ചെലവ് പരിഷ്കരിക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ക്ഷീരസഹകരണ സംഘങ്ങൾ അവരുടെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി 150/- രൂപ എന്ന നിരക്കിൽ ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ സർക്കുലർ നിർദ്ദേശം എല്ലാ ക്ഷീരസഹകരണ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

Signature Not Verified
Digitally signed by V P SURESHKUMAR
Date: 2021.12.15 16:26:42 IST
Reason: Approved

**ഡയറക്ടർ/ക്ഷീരസഹകരണ സംഘം രജിസ്ട്രാർ**

എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും DTC പ്രിൻസിപ്പാൾമാർക്കും ലാബ് മേധാവികൾക്കും സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും

പകർപ്പ്:- 1)ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
2)പ്രോജക്ട് സെൽ
3)ടെക്നിക്കൽ സെൽ
4)സി, ഡി, ജി സെക്ഷൻ സൂപ്രണ്ടുമാർക്ക്
5)സി1, സി3, ഡി1, ഡി2, ഡി3, ജി1, ജി2 സീറ്റുകൾക്ക്
6)സിസ്റ്റം അഡ്മിനിസ്ട്രേറ്റർക്ക് (വകുപ്പുതല വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)
7)സ്റ്റോക്ക് ഫയൽ
8)ഫയൽ കോപ്പി